

# ടി. എം. യു. പി. സ്കൂൾ
# വെങ്ങല്ലൂർ



# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

T.M.U.P SCHOOL
VENGALLOOR

# Academic Masterplan 2025-2026

T.M.U.P.S
Vengalloor.

# Academic Master Plan

## Std 1

BioVision

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | സെപ്തംബർ<br>ഒക്ടോബർ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി. | SMC |
| | 2) അമ്മ പറയട്ടെ അമ്മമാർ കുട്ടി ക്കഥകൾ അവതരിപ്പിക്കുന്നു. | ജൂലൈ<br>ഡിസംബർ<br>ജനുവരി<br>മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br>മദർ പി.ടി.എ. | മദർ പി.ടി.എ. |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

**ക്ലാസ്സ് ഒന്ന്**

**ആമുഖം**

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ/പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യംമുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2025-26അധ്യയന വർഷത്തിൽ ഒന്നാംതരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു എഴുത്ത് വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം ഇടുന്നത് പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നു.

പഠന പ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു

**വിഷയം - മലയാളം**

**ലക്ഷ്യങ്ങൾ**

'ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക
'എല്ലാ കു ട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ള വരാക്കുക
'സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക
'പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു
'ലളിതമായ വായനക്കാർഡുകൾ നിർമ്മിക്കുന്നു വായിക്കുന്നു.
ത്രം തയ്യാറാക്കുന്നു.
സ്വന്തമായി ഡയറി എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| | 'ചിത്ര വായന | | | |
| 'വായന | 'വിവിധതരം ചിത്രങ്ങൾ കാണിച്ച് | | | |
| | വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു. | | | |
| | 'വായനാ മൂല ഒരുക്കൽ | | | |
| | 'പത്രവായന | | | |
| | 'വായന കാർഡ് തയ്യാറാക്കൽ | | | |
| ലേഖനം | 'ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു | | | |
| | 'സചിത്ര ബുക്ക് | | | |
| | ' സംയുക്ത ഡയറി എഴുത്ത് | | | |

•ആവർത്തിച്ചുവരുന്ന അക്ഷരം കണ്ടെത്തുന്നു

ആ അക്ഷരം എഴുതുന്നു

•ആവർത്തിച്ചുവരുന്ന പദങ്ങൾ കണ്ടെത്തുന്നു

എഴുതുന്നു.

•സാങ്കൽപ്പിക ഡയറി എഴുതുന്നു

•വരികൾ കൂട്ടിച്ചേർക്കുന്നു

• ചിത്രം നൽകി അതിൽ നിന്ന് കഥ ഉണ്ടാക്കുന്നു

•സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു

BioVision

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമാ പ്രദർശനം<br><br>ജിഴഹശവെ റ്വ ജിഴഹശവെ ദഛലൊയഹ്യ | മാസത്തിൽ ഒന്ന്<br><br>ആഴ്ചയിൽ ഒന്ന് | SRG<br><br>Class Teacher | S S A |

English

Aim

To speak, read and write English without any mistakes

| Aim | Activties | Support | Month | Financial resources |
|---|---|---|---|---|
| Skills | * To devolve listening skills and reading skills | Teachers parents | June | |
| | *Description, growing sentences, picture reading, riddles, quiz | | July | |
| Reading skills | *Reading breaking news | | | |
| | *Find words from reading materials | | | |
| | *Rhyming words | | July | |
| | *Describing words from text book activties | | August | |
| Writing skills | *Make word web | | September | |
| | *Picture description | | October | |
| Writing skills | *Word chain | | November | |
| | * Make word web | | December | |
| | | | January | |
| | *Story telling | | | |
| | *Riddles | | February | |
| | *Conversion | | March | |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ | ജൂൺ - മാർച്ച് | ടീം-എ | SSA |
| | 2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ് | സെപ്തംബർ | ക്ലാസ് ടീച്ചർ | |
| | 3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ | |

ഗണിതം

ലക്ഷ്യങ്ങൾ

1. ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു.
2. ലളിതമായ [illegible] വസ്തുക്കൾ, രൂപങ്ങൾ, [illegible] തിരിച്ചറിയുന്നു
3. ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

| ആശയം | പ്രവർത്തനം | വിഭവങ്ങൾ | മാസം | സാമൂഹിക പങ്കാളിത്തം |
|---|---|---|---|---|
| സംഖ്യാ ബോധം | * സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>* സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു<br>* സംഖ്യാ കാർഡ് നിർമ്മാണം | * മുത്തുകൾ<br>* [illegible] | ജൂൺ | |
| ഗണിത കിറ്റ് | * ഗണിത പഠനത്തിന് ആവശ്യമായ [illegible] ഉൾപ്പെടുത്തി ഗണിത കിറ്റ് തയ്യാറാക്കുന്നു | | ജൂലൈ | |
| വലിയ സംഖ്യ ചെറിയ സംഖ്യ | *ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം | | ഓഗസ്റ്റ് | |
| സങ്കലന ക്രിയകൾ | * സംഖ്യാ ഗാനങ്ങൾ അവതരിപ്പിക്കൽ<br>* ലളിതമായ സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ ചെയ്യൽ.<br>*ഒന്നിനോടൊന്നു കൂട്ടിയാൽ അടുത്ത സംഖ്യ കിട്ടും | | സെപ്റ്റംബർ | |
| ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ | * ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയൽ<br>* [illegible] സംഖ്യകൾ ഒറ്റ സംഖ്യ, ഇരട്ട സംഖ്യ എന്ന് തിരിച്ചറിഞ്ഞ് ഉറപ്പാക്കൽ | | ഒക്ടോബർ | |
| സംഖ്യാ ഗാനങ്ങൾ | * സംഖ്യാ ഗാനങ്ങൾ പാടുന്നു [illegible]<br>ഗണിത പ്രവർത്തനങ്ങൾ [illegible] | | നവംബർ | |
| നമ്പർ കിറ്റ് | * സംഖ്യകളെ [illegible] നമ്പർ പ്രവർത്തനങ്ങൾ<br>* My number book തയ്യാറാക്കൽ | | ഡിസംബർ | |
| വ്യവകലന പ്രവർത്തനങ്ങൾ | * [illegible] സംഖ്യയും ഒന്ന് സംഖ്യയും ചേർന്നുള്ള വ്യവകലന പ്രവർത്തനങ്ങൾ<br>10-1=9, 10-2=8, 10-3=7 ...... | | ജനുവരി | |
| ചിഹ്നങ്ങൾ തിരിച്ചറിയൽ ഗണിത കിറ്റ് | * സങ്കലനം, വ്യവകലനം +,- എന്നീ ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ് എഴുതുന്നു.<br>* ഗണിത കിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു | | ഫെബ്രുവരി | |
| | *സംഖ്യകളുടെ [illegible] തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിത കിറ്റിലൂടെ [illegible]. | | മാർച്ച് | |

BioVision

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ- ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | SRG SMC | |

# പരിസരപഠനം

## ക്ലാസ്- 1

### ലക്ഷ്യങ്ങൾ

*ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു.
*വിവിധതരം സസ്യങ്ങൾ(വലിയ മരങ്ങൾ, ചെറിയ ചെടികൾ,പൂക്കുന്നവ പൂക്കാത്തവ)കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
*സസ്യങ്ങൾക്ക് വേര് തണ്ട് ഇല പൂവ് കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ചു കണ്ടെത്തുന്നു.
*പൂക്കളുടെ സവിശേഷ വ്യത്യാസങ്ങൾ(നിറം, ഇതളുകളുടെ എണ്ണം, പ്രയോജനം ചെറുത് വലുത്) പട്ടികപ്പെടുത്തുന്നു.
*നിറം രുചി ആകൃതി മണം വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു
*പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| *ചെടികൾ നിരീക്ഷിച്ച്പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ | *പ്രകൃതി നടത്തം<br>*ചുറ്റുപാടുമുള്ള മരങ്ങൾ ചെടികൾ നിരീക്ഷിക്കുന്നു<br>*പലതരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു | * ജൂൺ<br>* ജൂലൈ<br>* ആഗസ്ത് | അധ്യാപകർ<br>PTA അംഗങ്ങൾ<br>രക്ഷിതാക്കൾ | |
| *ചെടികൾക്ക് വേര് തണ്ട് ഇല പൂവ് കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു. | * സ്കൂളിൽ പൂന്തോട്ടം നിർമിക്കുന്നു.<br>*പൂന്തോട്ടത്തിൽ നിന്നുംചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു. | * സെപ്തംബർ<br>*ഒക്ടോബർ<br>*നവംബർ | അധ്യാപകർ<br>PTA | |
| * ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു. | *പച്ചക്കറികൾ പഴങ്ങൾ കിഴങ്ങുകൾ പൂക്കൾഎന്നിവ കൊണ്ടുവരുന്നു. | * ഡിസംബർ | രക്ഷിതാക്കൾ<br>അധ്യാപകർ | |

# ഗണിതം

ക്ലാസ്: 2

2025-26

## അക്കാദമിക മാസ്റ്റർ പ്ലാൻ

അക്കാദമിക മാസ്റ്റർ പ്ലാൻ
ഗണിതം Std 2

ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

@ പ്രവർത്തന ലക്ഷ്യങ്ങൾ

@ രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.

@ സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.

@ ഗണിത ക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ

@ ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)

@ ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ

@പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

മുന്നൊരുക്കം

@ ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം

@ പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ
@ 1, 2, 3, 4 ......
1,3,5,7....
10,20,30,40,....
5,10,15,20....
2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

@ ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

ജൂലൈ

@ ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
@ ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

@പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ
(5+5 = 10, 10+10= 20)

ആഗസ്റ്റ്

@ വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

@ സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ
99 നോട് 1 കൂട്ടിയാൽ 100
10 പത്തുകൾ ചേർന്നാൽ 100 ആകും
100 ഒന്നുകൾ ചേർന്നതാണ് 100

@ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

സെപ്റ്റംബർ

@ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ

@വിലവിവരപട്ടിക തയ്യാറാക്കൽ

@ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു.

ഒക്ടോബർ

@ രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു

@സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

@സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)
5...10.... 15.... 20... 25
(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

നവംബർ
@സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

@ പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ

@"ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ

@ നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ
10 രൂപ +5 രൂപ = 15 രൂപ
നോട്ട് നാണയം

ഡിസംബർ

@സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.

@സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)

@ രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

@ വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ. പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

@ സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

@ ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ

@ ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

മാർച്ച്

@ കലണ്ടർ പതിപ്പ് തയ്യാറാക്കൽ

@ കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ

@കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ

@ കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.

@ ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

# മലയാളം

ക്ലാസ്: 2

2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ

അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം std 2

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്സിലെ 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ
********************************

✨ രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
✨ രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
✨ ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
✨ ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
✨ വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
✨ ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
✨ ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

മുന്നൊരുക്കം
******************

✨ പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
✨ കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം
##################

$ രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

✨ ജൂൺ ✨

$ ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)

$ ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
$ വായനാ സാമഗ്രികൾ നിർമിക്കൽ
$ വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

✨ ജൂലൈ ✨
$ ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
$ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
$ സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

$ ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
$ രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
$ വീട്ടു ലൈബ്രറി ഒരുക്കൽ
$ ചിത്ര വിവരണം
$ വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ
****************

$ വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
$ വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
$ വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
$ വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

ഒക്ടോബർ
✨✨✨✨✨

$ കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
$ വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു
ഉദാ:- ആന
വലിയ ആന
കറുത്ത വലിയ ആന

നവംബർ
✨✨✨

$ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ
✨✨✨✨

✨ ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന
✨ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി
✨✨✨✨

✨ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)
✨ ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി
###########

✨ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത് )
✨ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്
******
# വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
# ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
# ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
# വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
# ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@

# ENGLISH

CLASS: 2
2025-26

# ACADEMIC MASTER PLAN

Academic master plan
English

Aim .: To speak, Read, & write English without any mistakes
Time - June ,July, August
June
Pretest
To develop listening skills & reading skills first

Listening skills

Games, Action songs Hello English activities,2 conversations, skit stories
Use ICT
Speaking skills

Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc

July & August

Reading skills

News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

Writing skills

Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

# Academic Master Plan

## Std III

# TMUPS വെങ്ങല്ലൂർ

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26

വിഷയം: ഗണിതം ക്ലാസ്: 3

ലക്ഷ്യം: 1

– നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾ കളികൾ എന്നിവയുടെ ഭാഗമായി ജാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു; തരംതിരിക്കുന്നു ;നിർമ്മിക്കുന്നു. നിർമ്മാണങ്ങളിലും മറ്റും കാണുന്ന ജാമിതീയ ഭംഗി ആസ്വദിക്കുന്നു. രൂപങ്ങൾക്ക് നിറം നൽകി ഭംഗിയാർന്ന പാറ്റേണുകൾ നിർമ്മിക്കുന്നു.നിത്യജീവിതത്തിൽ നമ്മുടെ ചുറ്റുപാടും നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്നു. അവയുടെ സൗന്ദര്യം ആസ്വദിക്കുന്നു;യുക്തി സമർഥിക്കുന്നു പാറ്റേണുകൾ വരയ്ക്കുന്നു.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1. | പ്രവേശനോത്സവം<br>• വിവിധ ഗണിത രൂപങ്ങൾ കൊണ്ടുള്ള തോരണങ്ങളുടെ നിർമ്മാണം.രൂപങ്ങൾ തിരിച്ചറിയൽ; പ്രത്യേകതകൾ മനസ്സിലാക്കൽ.<br>• ഗണിത രൂപങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ആശംസാ കാർഡ് നിർമ്മാണം.<br>• തോണി നിർമ്മാണം; രൂപങ്ങൾ കണ്ടെത്തൽ ;<br>• ഗണിതരൂപങ്ങൾ ഉപയോഗിച്ച വിവിധ ചിത്രങ്ങൾ തയ്യാറാക്കൽ.<br>• ഗണിതരൂപ ചിത്ര പതിപ്പ് നിർമ്മാണം ; ചിത്രപാറ്റേണുകൾ പരിചയപ്പെടൽ;<br>• ചിത്ര പാറ്റേൺ മാഗസിൻ തയ്യാറാക്കൽ.<br>• ജിയോ ബോർഡ് നിർമ്മാണം.<br>• വെജിറ്റബിൾ പ്രിന്റിങ് തയ്യാറാക്കൽ.<br>• തീപെട്ടി കമ്പ് ഉപരോധിച്ചു കൊണ്ടുള്ള വിവിധ ഗണിത രൂപങ്ങളുടെ നിർമ്മാണം. | ജൂൺ |

ലക്ഷ്യം 2: മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നിശേഷികൾ ഉറപ്പിക്കുക.

| Sl NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | കളം നിറയ്ക്കാം<br>1 to 100 വരെയുള്ള കളം ബോർഡ് ഉപയോഗിച്ച് സംഖ്യകളെ സ്ഥാനങ്ങളിൽ [illegible] സംഖ്യകളെ യഥാസ്ഥാനത്ത് ക്രമീകരിക്കുക. | ജൂലായ് |
| 2 | നറുക്കെടുക്കാം<br>- സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>- കിട്ടിയ സംഖ്യ വായിക്കാം.<br>- മറ്റുള്ളവർ സംഖ്യ എഴുതുന്നു. | ജൂൺ |
| 3 | 10 ചങ്ങാതിമാർ<br>- സംഖ്യ നറുക്ക് എടുക്കുന്നു.<br>- കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. | ജൂൺ |
| 4 | പാറ്റേൺ പൂർത്തിയാക്കാം<br>- വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ. | ജൂൺ - സെപ്റ്റംബർ |
| 5 | ക്രമത്തിലാക്കാം<br>- വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br>- ആരോഹണ ക്രമം, അവരോഹണ ക്രമം എഴുതുക. | ജൂൺ - ആഗസ്റ്റ് |

ലക്ഷ്യം 3:- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക/ നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ.

| Sl NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | കൂട്ടങ്ങളാക്കാം<br>- ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം.<br>- കളി നോട്ട് / ഗ്രിഡ് ഉപയോഗിച്ച് 1, 10, 100, 1000 ,2000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം. | ജൂൺ |
| 2 | സംഖ്യാ സൂര്യൻ<br>- ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>- ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. | 2 ആഴ്ച |
| 3 | പ്രതീകരിക്കാം<br>-അബാക്കസ് നിർമ്മാണം<br>-സംഖ്യകളെ അബാക്കസിൽ പ്രതീകരിക്കാം.<br>- അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം. | ജൂൺ - സെപ്റ്റംബർ |

ലക്ഷ്യം 3 :- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ. അവസരം ഒരുക്കൽ.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | ക്ലാസിൽ ഒരു കട (കുഞ്ഞുകട ) / കച്ചവട കണക്ക്<br>- കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം, അരി etc. ചേർത്ത് അവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു.<br>- ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിന്നു.<br>- ആവശ്യമുള്ളവ അളന്നെടുക്കുന്നു.<br>- കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി ഒരുക്കുന്നു. കടക്കാരനും കസ്റ്റമറും കുട്ടികൾ തന്നെ.<br>- സാധനം വാങ്ങുകയും പണം (കളിനോട്ട്) കൈകാര്യം ചെയ്യുകയും ചെയ്യുന്നു.<br>- ഗ്രൂപ്പിൽ ചർച്ച നടക്കുന്നു.<br>- പ്രയാസങ്ങൾ ഗ്രൂപ്പിൽ /അദ്ധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു. | ഫെബ്രുവരി |
| 2 | സമയ ചക്രം<br><br>- ബ്ലാക്ക് & വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയചക്രം തയ്യാറാക്കുന്നു.(am / pm)<br>- സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന പരിഹരണത്തിന് ഉപയോഗപ്പെടുത്തുന്നു | ജൂലൈ |

ലക്ഷ്യം 4 :-

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | സംഖ്യ ചക്രം<br>സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>- അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം | ജൂലൈ - മാർച്ച് |
| 2 | ഭാഗ്യവാനെ കണ്ടെത്താം<br>- അദ്ധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>- വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>- ക്രിയ ചെയ്യാം<br>- ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. | ജൂലൈ _ ഫെബ്രുവരി |
| 3 | ജോഡികണ്ടെത്താം<br><br>- വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.'<br>- കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>- കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം. | ഓഗസ്റ്റ് - ഫെബ്രുവരി |

# TMUPS വെങ്ങല്ലൂർ

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26

ക്ലാസ് : 3 | വിഷയം:മലയാളം

**ലക്ഷ്യം :** നാടൻപാട്ട് ചൊല്ലിയിട്ടും സ്വയം താളം പിടിക്കും ചൊല്ലിയും ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക.

- വായ്ത്താരി നിർമ്മാണത്തിൽ സ്വയം പ്രാവീണ്യം നേടുക
- പഴഞ്ചൊല്ലുകളും നാട്ടു മൊഴിവഴക്കങ്ങളും സ്വന്തം ഭാഷാപ്രയോഗങ്ങളിൽ ഉചിതമായി ഉൾപ്പെടുത്താൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- സാഹിത്യരചനകൾ (കവിത, വിവരണം, വായിച്ചു കേട്ടും സ്വയം വായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | <u>വായ്ത്താരി ചന്തം</u><br>• വ്യത്യസ്ത ഈണങ്ങളിലുള്ള വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ കേൾക്കുന്നു. അവതരിപ്പിക്കുന്നു.<br><u>വായ്ത്താരി മേളം</u><br>• ശേഖരിച്ച വായ്ത്താരികൾ പ്രഭാത സദസ്സുവേള, ബാലസഭ എന്നിവയിൽ അവതരണം.<br>• വ്യത്യസ്ത ഈണങ്ങളിൽ പാടാനുള്ള അവസരം.<br>• ശേഖരിച്ച വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ അടങ്ങിയ പതിപ്പ് തയ്യാറാക്കൽ.<br>• നാടൻപാട്ട് ശില്പശാല<br>• പാവനാടകം പരിചയപ്പെടുത്തൽ<br>• പാവനാടക അവതരണം | ജൂൺ |
| 2 | <u>പഴഞ്ചൊൽ പൊലിമ</u><br>• പഴഞ്ചൊല്ലുകൾ ശേഖരണം<br>• പഴഞ്ചൊല്ലുകളിൽ അടങ്ങിയ ആശയാവിഷ്ക്കാരം<br><u>ഒരു ദിനം ഒരു പഴഞ്ചൊല്ല്</u><br>• കുട്ടികൾക്ക് ഒരു ദിനം ഒരു പഴഞ്ചൊല്ല് നൽകുന്നു. പഴഞ്ചൊല്ലിലെ ആശയങ്ങൾ എഴുതിപ്പിക്കുന്നു.<br>• പഴഞ്ചൊൽ പൊലിമ എന്ന പതിപ്പ് നിർമ്മാണം | ജൂൺ -ജൂലായ് |

| | | |
|---|---|---|
| | | |
| 3 | <u>റീഡേഴ്സ് തീയേറ്റർ</u><br>കുട്ടികൾക്ക് പരിചിതമായ ഒരു കഥ നൽകുന്നു.<br>• വായന അവസരം<br>• കഥാപാത്ര വിശകലനം<br>• കഥാപാത്രങ്ങളെ കണ്ടെത്തൽ<br>• ആരാണ് നരേറ്റർ<br>• നരേറ്റർ സംവദിക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തൽ.<br>• സ്ക്രിപ്പ് റ്റ് രചന<br>• സ്ക്രിപ്റ്റ് വായന<br>• അവതരണം. | ജൂലായ് |
| 4 | <u>കടങ്കഥ</u><br>• കടങ്കഥ മുൻ അറിവ് പരിശോധന<br>• വിവിധ മേഖലകളുമായ് ബന്ധപ്പെട്ട കടങ്കഥകളുടെ ശേഖരണം.<br>• കടങ്കഥ നിർമ്മാണം<br>• കടങ്കഥ പതിപ്പ് തയ്യാറാക്കൽ<br>• കടങ്കഥ ശിൽപ്പശാല<br>• വ്യത്യസ്ത കലാരൂപങ്ങളുടെ പ്രദർശനം<br>• ഡോക്യുമെന്ററി പ്രദർശനം.<br>• കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം. ആൽബം തയ്യാറാക്കൽ | ജൂലായ് -ആഗസ്റ്റ് |
| 5 | <u>കഥോത്സവം</u><br>• നാട്ടുകഥകൾ ശേഖരണം<br>• നാട്ടുകഥകൾ അവതരണം<br>• കഥാപാത്ര ചിത്രീകരണം<br>• സ്വന്തം ആശയത്തിൽ കഥാവതരണം<br>• കഥാപൂരണം<br>• കേട്ട കഥകൾ പാവനാടകമാക്കി അവതരിപ്പിക്കൽ<br>• കഥ കഥ... കഥ...കഥോത്സവ്<br>• നാട്ടുകഥകൾ പറയുന്ന മുതിർന്നവരെ കണ്ടെത്തുന്നു.<br>• ക്ഷണിതാവ് കഥ അവതരിപ്പിക്കുന്നു.<br>• ഓരോ കഥയുടെയും അവതരണത്തിനു ശേഷം ഉള്ളടക്ക ചർച്ച | ആഗസ്റ്റ് |
| 6 | <u>നിഘണ്ടു പരിചയം</u><br>• മലയാള അക്ഷരങ്ങൾ അകാരിദ ക്രമത്തിൽ എഴുതുന്നു.നിർദ്ധിഷ്ട വാക്കുകളുടെ അർത്ഥം കണ്ടെത്തുന്നു. | ജൂലായ് - മാർച്ച് |

ലക്ഷ്യം : ആശയ വ്യക്തതയോടെ അക്ഷരത്തെറ്റില്ലാതെ എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക

| Sl NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | • കുട്ടി കേട്ട ഒരു കഥ പറയൽ<br>• അവധിക്കാല അനുഭവങ്ങൾ പറയൽ<br>• ഞാനും മൂന്നാം ക്ലാസിലേക്ക് (രക്ഷിതാക്കൾക്ക് മൂന്നാം ക്ലാസിൽ കുട്ടി നേടേണ്ട ഭാഷാ ശേഷികളെ കുറിച്ച്, കുട്ടികൾക്ക് നൽകേണ്ട പിന്തുണയെ കുറിച്ച് ബോധവത്കരണ ക്ലാസ്) | ജൂൺ |
| 2 | • രക്ഷിതാക്കളുടെ സഹായത്താൽ അക്ഷര കാർഡുകൾ നിർമ്മിച്ചു നൽകുന്നു . വളരുന്ന അക്ഷരമരം (ഒരു കുട്ടിക്ക് ഒരു കൊമ്പ് ) ഓരോ കുട്ടിയും പഠിച്ച അക്ഷരങ്ങൾ ഇലയുടെ ആകൃതിയിൽ മരത്തിൽ ഒട്ടിക്കുക<br>• നിശ്ചിത പദങ്ങൾ ടെക്സ്റ്റിൽ നിന്നും കണ്ടെത്തൽ<br>• വീട്ടിലും ഒരു അക്ഷര മരം (രക്ഷിതാവ് )<br>• വീഡിയോ പ്രദർശനം (വാട്സപ്പ് ) | ജൂലൈ |
| 3 | • രക്ഷിതാക്കൾ , കുട്ടികൾ , എന്നിവർക്ക് വേണ്ടി അക്ഷര ചിത്രങ്ങൾ തയ്യാറാക്കുന്ന ശിൽപ്പശാല നടത്തുന്നു . തയ്യാറാക്കിയവയുടെ പ്രദർശനം<br>• അക്ഷര പൂരണം ( ചിത്രങ്ങൾ നൽകി )<br>• അക്ഷര കാർഡുകൾ നൽകി വാക്കു നിർമ്മാണം | ആഗസ്റ്റ് |
| 4 | • വളരുന്ന അക്ഷര ലൈബ്രറി ( ഓരോ ആഴ്ചയിലും 5 ദിവസത്തേക്ക് 5 അക്ഷരങ്ങൾ നൽകുന്നു ) . അക്ഷരവുമായി ബന്ധപ്പെട്ട വാക്കുകൾ പാത്രങ്ങൾ , മാസികകൾ എന്നിവയിൽ നിന്നും കണ്ടെത്തി വളരുന്ന അക്ഷര ലൈബ്രറിയിലേക്ക് ഒട്ടിക്കുന്നു . വായിക്കുന്നു<br>• ഓണപ്പതിപ്പ് ( ചിത്രങ്ങൾ , പദങ്ങൾ , പാട്ടുകൾ)<br>• ഫീൽഡ് ട്രിപ്പ് - കൃഷിയിടത്തിലേക്ക് (പച്ചക്കറികൾ തിരിച്ചറിയുന്നു . പേരുകൾ എഴുതുന്നു ) | സെപ്റ്റംബർ |
| 5 | • ചിത്രം നൽകി വായനാ കാർഡ് നിർമ്മാണം (രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ ) വായിക്കൽ<br>• പദ ചങ്ങല - പദങ്ങൾ ചേർത്ത് വാക്യമാക്കൽ<br>• ആഭരണം അണിയിക്കാം ( ചിഹ്നങ്ങൾ | ഒക്ടോബർ |

| | | |
|---|---|---|
| | ചേർക്കുന്ന പ്രവർത്തനം )<br>• ചിഹ്നങ്ങളും പദങ്ങളും നൽകിയ കാർഡ് നൽകി പദ നിർമ്മാണം<br>• തെറ്റ് തിരുത്തൽ | |
| 6 | • ചിത്രവായന<br>• ചിത്രം നോക്കി കഥ പറയാം<br>• ഗ്രൂപ്പിൽ പറയുന്ന പദം മറ്റു ഗ്രൂപ്പുകാർ<br>• പുസ്തകം , വായനാ കാർഡ് നോക്കി പറയൽ<br>• കഥാപാത്രങ്ങളെ കണ്ടെത്തൽ ( കഥയിൽ ആരൊക്കെ ) , സംഭാഷണം | നവംബർ |
| 7 | • കൂട്ട വായന - കുട്ടികൾ പരസ്പരം സഹായിച്ച് വായിക്കുന്നു<br>• വായന ചങ്ങല - വായനാ കാർഡ് നൽകൽ<br>• ചിത്രം നൽകി വിവരണം എഴുതൽ | ഡിസംബർ |
| 8 | • ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പ് എഴുതൽ<br>• രക്ഷിതാക്കൾക്ക് കവിത രചന മത്സരം - തെരഞ്ഞെടുത്തവ ക്ലാസിൽ വായന കാർഡ് ആക്കൽ<br>• വായന കാർഡിൽ വരികൾ കൂട്ടി ചേർക്കൽ . രക്ഷിതാക്കളും കുട്ടികളും ആലപിച്ചവതരണം | ജനുവരി |
| 9 | • കുഞ്ഞു വായന ഗുണപാഠ കഥകളുടെ ചിത്രങ്ങൾ പുസ്തകങ്ങളായി നൽകുന്നു . ചിത്രങ്ങൾക്ക് താഴെ കഥാ സന്ദർഭം എഴുതി പൂർത്തിയാക്കൽ<br>• കൈയെഴുത്തു മാസിക<br>• ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച് സ്വന്തം ഭാഷയിൽ കഥ പറയുക<br>• കഥ പൂർത്തിയാക്കൽ<br>• ചിത്രം നോക്കി കഥ പറയലും കഥ എഴുതലും | ഫെബ്രുവരി |
| 10 | • വായനാക്കളരി രക്ഷിതാക്കളും കുട്ടികളും ചേർന്ന് വായനക്കാർഡ് നിർമ്മാണം ,<br>• കഥാരചന അവതരണം | മാർച്ച് |

# TMUPS വെങ്ങല്ലൂർ

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26

**വിഷയം: പരിസര പഠനം** **ക്ലാസ് : 3**

ലക്ഷ്യം 1 :- ചുറ്റുപാടുമുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്കനുസരിച്ച് സാമ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരംതിരിക്കുകയും ലോകത്തിലെ വൈവിധ്യം ആസ്വദിക്കുകയും ചെയ്യുക.

| Sl O | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1. | **ഞാനും എൻ്റെ പരിസരവും**<br>ജൈവവൈവിധ്യ ഉദ്യാന സന്ദർശനം. സസ്യങ്ങളെ നിരീക്ഷിക്കൽ ,പ്രത്യേകതകൾക്കനുസരിച്ച് തരംതിരിക്കൽ; മരങ്ങൾ കുറ്റിച്ചെടികൾ വർഗീകരണം,സസ്യങ്ങളുടെ വളർച്ച രീതികൾ മനസ്സിലാക്കൽ ;<br>**പൂന്തോട്ടം ഒരുക്കാം**<br>• ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം<br>• സ്കൂൾ പൂന്തോട്ട നവീകരണം<br>• വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ - ജനുവരി |

ലക്ഷ്യം 2 - പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.

| Sl NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **പ്രകൃതി നടത്തം**<br>- ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>- പ്രത്യേകതകൾ മനസ്സിലാക്കാം<br>- വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>- ഫീൽഡ് ട്രിപ്പ്<br>- ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച<br>- നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം, സ്വയം തിരുത്താം ( ഫീൽഡ് ട്രിപ്പ് )<br>- പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം ( ഡോക്യുമെൻററി പ്രദർശനം)<br>- ചർച്ച - തെറ്റും ശരിയും | ജൂൺ - ഒക്ടോബർ |
| 2 | **പൂന്തോട്ടം ഒരുക്കാം**<br>- സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>- വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ - മാർച്ച് |

| | | |
|---|---|---|
| 3 | **ഒരു തൈ നടാം**<br>- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ<br>- നട്ട വൃക്ഷത്തൈ പരിപാലിക്കൽ. | ജൂൺ |
| 4 | **പോസ്റ്റർ നിർമ്മാണം**<br>- പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>- പരിസരങ്ങളിൽ പതിക്കൽ. | മാർച്ച് - മെയ് |
| 5 | **ദാഹജലം**<br>- പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | മാർച്ച് - മെയ് |

ലക്ഷ്യം 3
കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

| Sl NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **ദിന കൃത്യങ്ങൾ**<br>- ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ<br>എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>- കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന<br>ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. | ജൂൺ - മാർച്ച് |
| 2 | **നമ്പർ വൺ**<br>- ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>- വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ<br>അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | ജൂലൈ - മാർച്ച് |
| 3 | **പരിസര നടത്തം**<br>- നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം - സർവ്വേ.<br>- മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. | ജൂൺ - ഡിസംബർ |
| 4 | **നല്ല ശീലം**<br>- പോസ്റ്ററുകൾ തയ്യാറാക്കാം<br>- പരിസരങ്ങളിൽ പതിക്കാം. | ജൂലൈ _ മാർച്ച് |

ലക്ഷ്യം: 4
ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.

| Sl NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **ഫീൽഡ് ട്രിപ്പ്**<br>- നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട്, etc)<br>ഡിസംബർ - ഫെബ്രുവരി | ജനുവരി-മാർച്ച് |
| 2 | **പരീക്ഷണങ്ങൾ**<br>- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ - ഫെബ്രുവരി |
| 3 | ശാസ്ത്രജ്ഞനോടൊപ്പം | ഡിസംബർ - |

| | | |
|---|---|---|
| | - ക്യാമ്പ്<br>- മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. | ഫെബ്രുവരി |
| 4 | പക്ഷി നിരീക്ഷണം<br>- ക്യാമ്പ്<br>- പക്ഷി നിരീക്ഷണത്തിന് അവസരം | ജനുവരി-മാർച്ച് |

# TMUPS Vengaloor

Acadamic master Plan 2025 - 26

Subject: English

Class: 3

**learning objective 1:- listens to instructions and engage in activities**

| SI NO | Activities | Duration |
|---|---|---|
| 1. | - Give more chance to hearing instructions based on the day to day life &classroom<br>-Show the pictures of action verbs<br>-Performing actions by hearing instruction and commands | June -december |

**Learning objective :- 2 Describes the pictures**

| SI NO | Activities | Duration |
|---|---|---|
| 1 | **Picture Description**<br>- The teacher Shows a Picture.<br>- Discussion<br>- The children talk about the Picture.<br>- Slow learners :- Gives opportunity to express their ideas in malayalam. | June to August |

**Learning ojective :- 3 Arrange words in Alphabetical Order.**

| SI NO | Activities | Duration |
|---|---|---|
| 1 | **Dictionary**<br>- introducing the dictionary<br>- Gives words.<br>- Arranging words in alphabetical order. | July to March |

**Learning ojective 4:- Add more exchanges to the conversation suitable to the context.**

| SI NO | Activities | Duration |
|---|---|---|

| | | |
|---|---|---|
| 1 | **conversation**<br>- Reading the conversation<br>- conversation is acting with friends<br>- Adds more exchanges to the conversation.<br>- slow learners :- Gives opportunity to express their Idea in Malayalam. | july to March |

**Learning objective 5 :- identifies rhyming words from the poem.**

| SI NO | Activities | Duration |
|---|---|---|
| 1 | **Rhyming words**<br>- plays the audio of song.<br>- Let the learner sing after the audio<br>- Discussion<br>- identifies rhyming words | July to September |

**Learning ojective6:- Add lines to a poem following a set Pattern**

| SI NO | Activities | Duration |
|---|---|---|
| 1 | **Add morelines**<br>- plays the audio of Song<br>- Let the learner sing after the audio<br>- add lines to the poem. | July to December |

**Learning objective 7: Reads and understands the given stories and Poems.**

| SI NO | Activities | Duration |
|---|---|---|
| 1 | **Let's Read**<br>- Provides the Opportunity to read simple stories and Poems.<br>- They told the story they read. | December to March |

